ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.07.2025**

## പ്രധാനവാർത്തകൾ

1. പഞ്ചരാഷ്ട്രസന്ദർശനത്തിൻറെ മൂന്നാംപാദത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അർജന്റീനയിൽ; ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ നാളെ ബ്രസീലിലേക്ക് പോകും.
2. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. മറ്റന്നാൾ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും.
3. മുക്കാൽ ലക്ഷത്തോളം മെഡിക്കൽ സീറ്റുകൾ രാജ്യത്ത് വർധിച്ചെന്ന് കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ.
4. സംസ്ഥാനത്ത് വീണ്ടും നിപ സ്ഥിരീകരിച്ചതോടെ മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്; സമ്പർക്കപ്പട്ടികയിൽ 345 പേർ.
5. ഇന്ന് അന്തർദേശീയ സഹകരണദിനം; കേരള സമൂഹത്തിൽ സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താനായതിനാൽ 2.5 ലക്ഷം കോടി രൂപയുടെ നിക്ഷേപം ക്രെഡിറ്റ് മേഖലയിൽ കൈവരിക്കാനിതായി മന്ത്രി വി എൻ വാസവൻ.
6. കേരള ക്രിക്കറ്റ് ലീഗ് താരലേലത്തിൽ സഞ്ജു വി സാംസണെ 26.80 ലക്ഷത്തിന് സ്വന്തമാക്കി കൊച്ചി ബ്ലൂ ടൈഗേഴ്സ്.

&&&&&&&&&&&&&&&&&&

RNUTVPM

## ഹെഡ് ലൈൻ - 1

## പി.എം - അർജൻറീന

ഘാന, ട്രിനിഡാഡ് & ടൊബാഗോ എന്നിവിടങ്ങളിലെ വിജയകരമായ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ എത്തി. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജൻറീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. അർജന്റീന ദേശീയ നായകൻ ജനറൽ ജോസ് ഡി സാൻ മാർട്ടിന്റെ പ്രതിമയിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് പ്രധാനമന്ത്രി മോദി സന്ദർശന പരിപാടിക്ക് തുടക്കം കുറിക്കുന്നത്. തുടർന്ന്, പ്രധാനമന്ത്രിക്ക് ആചാരപരമായ സ്വീകരണം നൽകും. പ്രതിനിധിതല ചർച്ചകളിലും പ്രധാനമന്ത്രി പങ്കെടുക്കും. നാളെ ബ്രസീലിലെ റിയോ ഡി ജെനീറോയിൽ ആരംഭിക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

## ഉപരാഷ്ട്രപതി - കേരളം

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. തിങ്കളാഴ്ച അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായി ഉപരാഷ്ട്രപതി സംവദിക്കും.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി ഗുരുവായൂർ

ഉപരാഷ്ട്രപതി ജഗദീപ് ധൻകർ തിങ്കളാഴ്ച ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനെത്തുന്നതിന്റെ ഭാഗമായി ക്ഷേത്രത്തിൽ ദർശന നിയന്ത്രണം ഏർപ്പെടുത്തും. അന്നു

രാവിലെ എട്ട് മണി മുതൽ പത്തു മണി വരെ വിവാഹം, ചോറൂൺ, ക്ഷേത്ര ദർശനം എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തും. ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശങ്ങളിലുമുള്ള കടകൾ തുറക്കാനും അനുവാദമില്ല.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 3</u>

<u>എൽ. മുരുഗൻ</u>

തിരുവനന്തപുരത്തെ ശ്രീ ഉത്രാടം തിരുനാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങ്കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. രാജ്യത്ത് മെഡിക്കൽ വിദ്യാഭ്യാസമേഖലയിൽ വലിയമാറ്റങ്ങൾസംഭവിച്ചുകൊണ്ടിരിക്കുയാണെന്ന് അദ്ദേഹം പറഞ്ഞു.75,000 മെഡിക്കൽ സീറ്റുകൾ രാജ്യത്ത് വർധിച്ചെന്നും കേന്ദ്ര സഹമന്ത്രി ചൂണ്ടിക്കാട്ടി.

RNU TVPM

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 5</u>

<u>അന്തർദേശീയ സഹകരണദിനം</u>

ഇന്ന് അന്തർദേശീയ സഹകരണദിനം.
സഹകരണ സംഘങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം വർധിപ്പിക്കുക, അതിന്റെ മികച്ച മാതൃകകൾ, ജനസമക്ഷം എത്തിക്കുക എന്നതാണ് ദിനാചരണത്തിൻറെ ലക്ഷ്യം.
2025 നെ അന്തർദേശീയ സഹകരണവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഈ വർഷത്തെ സഹകരണദിനത്തിന് കൂടുതൽ പ്രാധാന്യമുണ്ട്.

&&&&&&&&&&&&&&&&&&

<u>മന്ത്രി വി.എൻ വാസവൻ (ഇൻട്രോ)</u>

കേരള സമൂഹത്തിൽ സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തിക്കൊണ്ടു പോകാൻ സാധിച്ചതിന്റെ ഫലമായി 2.5 ലക്ഷം കോടി രൂപയുടെ നിക്ഷേപം ക്രെഡിറ്റ് മേഖലയിൽ

കൈവരിക്കാനിതായി മന്ത്രി വി എൻ വാസവൻ.

അങ്കമാലിയിൽ അന്തർദേശീയ സഹകരണ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉത്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.
(വോയിസ്)

&&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 4</u>

<u>നിപ - ജനറൽ</u>

സംസ്ഥാനത്ത് വീണ്ടും നിപ സ്ഥിരീകരിച്ചതോടെ മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. മൂന്ന് ജില്ലകളിലും കണ്ട്രോൾ റൂമുകൾ തുറന്നു -345 പേരാണ് നിലവിൽ സമ്പർക്കപട്ടികയിൽ ഉള്ളത്.

&&&&&&&&&&&&&&&&&&&

<u>നിപ - പാലക്കാട് (ഇൻട്രോ)</u>

നിപ്പ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ തച്ചനാട്ടുകാര, കരിമ്പുഴ പഞ്ചായത്തുകളിൽ നിയന്ത്രണങ്ങൾ നിലവിൽ വന്നു. പ്രദേശത്തുള്ളവരുടെ മൂന്നാഴ്ച മുൻപ് വരെയുള്ള രോഗ വിവരങ്ങൾ ശേഖരിക്കാൻ ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത് .....**
**(വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&&

<u>നിപ - കോഴിക്കോട്</u>

നിപയുമായി ബന്ധപ്പെട്ട സംശയങ്ങൾ അകറ്റാൻ പ്രത്യേക കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചതായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് അഞ്ച് മണിവരെ കണ്ട്രോൾ റൂം പ്രവർത്തിക്കും. ജില്ലയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ച രോഗി നിപ ബാധിതയാണെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ കെ രാജാറാം അറിയിച്ചു. അതിനിടെ, നിപബാധ സംശയിക്കുന്നവരെ

പ്രവേശിപ്പിക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജിലെ
പേ വാർഡിൽ പ്രത്യേക സംവിധാനം ഒരുക്കി.

&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - എം.പി

മനുഷ്യ- വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള നടപടികളുമായി സംസ്ഥാനം മുന്നോട്ട് പോവുകയാണെന്നും കരട് ബിൽ നിയമവകുപ്പിൻറെ പരിഗണനയിലാണെന്നും സർക്കാർ . പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി തിരുവനന്തപുരത്ത് മുഖ്യമന്ത്രി വിളിച്ചു ചേർത്ത എം.പി-മാരുടെ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. മേപ്പാടി-ചൂരൽമല പുനരധിവാസത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് ഒന്നിച്ച് നിലപാട് സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. .

RNUTVPM

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - അമേരിക്ക

തുടർ ചികിത്സാ-പരിശോധനകൾക്കായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് അമേരിക്കയിലേയ്ക്ക് തിരിക്കും. അദ്ദേഹം പത്ത് ദിവസം അമേരിക്കയിൽ തങ്ങും.

&&&&&&&&&&&&&&&&&&&

## പ്രതിപക്ഷ നേതാവ്

കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം ഇടിഞ്ഞുവീണ് വീട്ടമ്മ മരിച്ച സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന

സർക്കാരിന് ഒഴിഞ്ഞുമാറാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ആരോഗ്യവകുപ്പിലെ അഴിമതി തുറന്നുകാട്ടുമെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ ആവശ്യപ്പെട്ടു. യൂത്ത് കോൺഗ്രസ് വിവിധ ജില്ലകളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

<u>ചമ്പക്കുളം ജലോത്സവം (ഇൻട്രോ)</u>

ചരിത്രപ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവത്തിൽ ഉള്ള ഒരുക്കം അവസാനഘട്ടത്തിൽ. ബുധനാഴ്ച നടക്കുന്ന ജലോത്സവത്തിനോടനുബന്ധിച്ച് പമ്പയാറ്റിലെ ഇരു കരയിലും ഉള്ള വീടുകളിൽ ദീപം തെളിയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ. **(വോയിസ്)**

&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 6</u>

<u>കെ.സി.എൽ താരലേലം</u>

കേരള ക്രിക്കറ്റ് ലീഗ് സീസൺ 2 താരലേലത്തിന്റെ ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി തിരുവനന്തപുരത്ത് നിർവഹിച്ചു . സഞ്ജു വി സാംസണെ 26.80 ലക്ഷത്തിന് സ്വന്തമാക്കി കൊച്ചി ബ്ലൂ ടൈഗേഴ്സ് . 3 ലക്ഷം രൂപയായിരുന്നു അടിസ്ഥാന വില. വിഷ്ണു വിനോദിനെ 12.8 ലക്ഷം രൂപയ്ക്ക് ഏരീസ് കൊല്ലം സെയ്‌ലേഴ്സ് സ്വന്തമാക്കി. ജലജ് സക്സേനയെ 12.4 ലക്ഷം രൂപയ്ക്ക് ആലപ്പി

PNU TVPM

റിപ്പിൾസ് സ്വന്തമാക്കി.വിനോദ് കുമാറിനെ 6.20 ലക്ഷത്തിനും വരുൺ നായനാരെ 3.20 ലക്ഷം രൂപയ്ക്കും തൃശ്ശൂർ ടൈറ്റൻസ് സ്വന്തമാക്കി.

&&&&&&&&&&&&&&&&&&

<u>ഏഷ്യൻ കപ്പ് ഫുട്ബോൾ</u>

വനിതാ ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യത ലക്ഷ്യമിട്ട് ഇന്ത്യ ഇന്ന് തായ് ലാൻഡിനെ നേരിടും.തായ് ലാൻഡിലെ ചിയാങ് മായ് സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനാണ് മത്സരം.

&&&&&&&&&&&&&&&&&&

<u>ക്രിക്കറ്റ് - ബർമിംഗ്ഹാം</u>

ബർമിംഗ്ഹാമിൽ നടക്കുന്ന രണ്ടാം ടെസ്റ്റ് ക്രിക്കറ്റിന്റെ മൂന്നാം ദിനത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക്, 180 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിങ്സ് 407 റൺസിന് അവസാനിച്ചു. നാലാം ദിനമായ ഇന്ന് രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ ഒരു വിക്കറ്റിന് 64 റൺസ് എന്ന നിലയിൽ കളി പുനരാരംഭിക്കും. മത്സരം ഉച്ചകഴിഞ്ഞ് 3:30 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM